

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

കെ.കെ. മമ്മുണ്ണി മൗലവി അന്തരിച്ചു

പെരിന്തൽമണ്ണ: ഇസ്‌ലാമിക പണ്ഡിതനും ജീവകാരുണ്യപ്രവർത്തകനും മുതിർന്ന ജമാഅത്തെ ഇസ്‌ലാമി നേതാവുമായ കെ.കെ. മമ്മുണ്ണി മൗലവി (82) അന്തരിച്ചു. സംസ്ഥാനത്തിനകത്തും പുറത്തും നിരവധി അനാഥാലയങ്ങളുടെയും ജീവകാരുണ്യസ്ഥാപനങ്ങളുടെയും നെടുംതൂണായിരുന്നു.

ഇന്ന് രാവിലെ ശാന്തപുരത്തെ വീട്ടിലായിരുന്നു അന്ത്യം. മയ്യിത്ത് പൊതുദർശനത്തിനായി ഉച്ചക്ക് 1.30 മുതൽ ശാന്തപുരം അൽ ജാമിഅ കോൺഫറൻസ് ഹാളിലേക്ക് മാറ്റും. ദൂരെ നിന്ന് വരുന്നവർക്ക് ജനാസ നമസ്കാരത്തിനുള്ള സൗകര്യവും അവിടെയുണ്ടാകും. ഖബറടക്കം ഇന്ന് രാത്രി 10 മണിക്ക് ശാന്തപുരം മഹല്ല് ഖബർസ്ഥാനിൽ.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 166 2026 സെപ്തംബർ 23 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

യുഎഇയിൽ പ്രവാസിയെ കൊന്നു കഷ്ണങ്ങാക്കിയ നിലയിൽ; മൃതദേഹം കണ്ടെത്തിയത് കാറിൽ

അബുദാബി: ഷാർജയിൽ പ്രവാസിയുടെ മൃതദേഹം കൊന്ന് കഷ്ണങ്ങളാക്കിയ നിലയിൽ കണ്ടെത്തി. കർണാടകയിലെ ഉഡുപ്പി സ്വദേശിയായ ആൽവിൻ പ്രകാശ് കുന്ദർ ആണ് കൊല്ലപ്പെട്ടത്. മൃതദേഹം ഒൻപത് കഷ്ണങ്ങളാക്കിയ നിലയിലാണ് കണ്ടെത്തിയത്. ഇയാളെ കാണാനില്ലെന്നുകാട്ടി കുടുംബം നൽകിയ പരാതിയിൽ നടത്തിയ അന്വേഷണത്തിലാണ് കൊലപാതക വിവരം പുറത്തുവന്നത്. ഇയാളുടെ ഭാര്യയെയും മകനെയും കാണാനില്ലെന്നും കുടുംബം പറയുന്നു.

14 വർഷമായി ഷാർജാ വിമാനത്താവളത്തിൽ ജോലി ചെയ്തുവരികയായിരുന്നു പ്രകാശ്. ഭാര്യയും ഉഡുപ്പി സ്വദേശിയുമായ ടീന ഇവിടെ സ്കൂൾ അദ്ധ്യാപികയായും പ്രവർത്തിക്കുകയായിരുന്നു. മകൻ പത്താം ക്ളാസ് വിദ്യാർത്ഥിയാണ്.

ഒമാനിലേയ്ക്ക് പോകുന്ന വഴിയിൽ നിർത്തിയിട്ടിരുന്ന കാറിലാണ് ആൽവിന്റെ മൃതദേഹ ഭാഗങ്ങൾ കണ്ടെത്തിയതെന്ന് സഹോദരൻ അനിൽ പ്രശാന്ത് കുന്ദർ പറഞ്ഞു. രണ്ട് കവറുകളിലായി ഒൻപത് കഷ്ണങ്ങളാക്കിയ നിലയിലായിരുന്നു ഇത്. ടീനയെക്കുറിച്ചും മകനെക്കുറിച്ചും വിവരമില്ല. ഇവർ ഇന്ത്യയിലേയ്ക്ക് പോയിരിക്കാമെന്നാണ് പൊലീസിന്റെ നിഗമനം.

ജൂലായ് 20ന് പ്രകാശിനെ ഫോണിൽ ബന്ധപ്പെട്ടെങ്കിലും സംസാരിക്കാൻ സാധിച്ചില്ലെന്നും തനിക്ക് സുഖമാണെന്ന് അറിയിച്ചുകൊണ്ടുള്ള ഫോൺ സന്ദേശം ലഭിച്ചതായും അനിൽ പറഞ്ഞു. ഫോൺ സന്ദേശമാണ് കുടുംബാംഗങ്ങളിൽ സംശയമുണ്ടാകാൻ കാരണമായത്. പ്രകാശ് ടെക്സ്റ്റ് മെസേജ് അയക്കാറില്ലെന്നും സാധാരണയായി ശബ്ദ സന്ദേശമാണ് അയക്കുന്നതെന്നും കുടുംബം പറയുന്നു. ഒരാഴ്ചയ്ക്കുശേഷം വീണ്ടും വിളിച്ചപ്പോഴും പ്രകാശ് കോൾ എടുത്തില്ലെന്ന് സഹോദരൻ വ്യക്തമാക്കി.

തുടർന്ന് ഷാർജയിലുള്ള പ്രകാശിന്റെ സുഹൃത്ത് മനോഹറിനോട് നേരിട്ടുചെന്ന് വിവരം തിരക്കാൻ അനിൽ അഭ്യർത്ഥിച്ചു. കമ്പനി നൽകിയ ഫ്ളാറ്റിലായിരുന്നു പ്രകാശും കുടുംബവും താമസിച്ചിരുന്നത്. മനോഹർ ഇവിടെ തിരക്കിയപ്പോൾ പ്രകാശ് ഇന്ത്യയിലേയ്ക്ക് പോയെന്നായിരുന്നു സെക്യൂരിറ്റി അറിയിച്ചത്. കമ്പനിയിലെ എച്ച് ആർ വകുപ്പും ഇക്കാര്യമാവർത്തിച്ചു. എന്നാൽ പ്രകാശ് നാട്ടിലെത്തിയിട്ടില്ലെന്നും വിവരം തിരക്കണമെന്നും കമ്പനിയോട് അഭ്യർത്ഥിച്ചു. തുടർന്ന് നടത്തിയ പാസ്പോർട്ട് പരിശോധനയിൽ പ്രകാശ് ഷാർജയിൽ തന്നെയുണ്ടെന്ന് സ്ഥിരീകരിച്ചു. ഇതേത്തുടർന്നാണ് കുടുംബം പരാതി നൽകിയത്.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ പ്രകാശിന്റെ മൃതദേഹം കാറിൽ നിന്ന് കണ്ടെത്തുകയായിരുന്നു. മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി നിയമനടപടികൾ പൂർത്തിയാകുന്നതിനുള്ള കാത്തിരിപ്പിലാണ് കുടുംബം. പ്രകാശും ഭാര്യയും തമ്മിൽ പ്രശ്നങ്ങൾ ഉള്ളതായി അറിയില്ലെന്ന് കുടുംബം പറയുന്നു. കൊലപാതകത്തിൽ ടീനയ്ക്ക് പങ്കുണ്ടോയെന്ന് പൊലീസും സംശയിക്കുന്നുണ്ട്. ഷാർജയിലെ അധികൃതരിൽ നിന്നുള്ള വിവരങ്ങൾക്കായി കാത്തിരിക്കുകയാണ് ഉഡുപ്പി പൊലീസ്.

കോടശ്ശേരിയിൽ പുലിയിറങ്ങി

തൃശ്ശൂർ: ചാലക്കുടി കോടശ്ശേരിയിൽ ആടിനെ പുലി കടിച്ചുകൊന്നു. പൊന്നമ്പിയൊളി തൊട്ടിയിൽ പൗലോസിന്റെ വീടിനടുത്തുള്ള കൂട്ടിൽ നിന്നാണ് ആടിനെ പുലി പിടിച്ചത്.

SREEVILASINI SABHA NIDHI LIMITED
CIN: U65929KL2021PLN069109
Regd. Address :No. 38/289, N.S.S.V. Sabha Building,
East Parambikulangara Temple Road, **Kodungallur,**
Thrissur 680669, Kerala
Email Id : sreevilasinisabha@gmail.com

NOTICE

NOTICE is hereby given that the 5th Annual General Meeting of the Members of M/s. Sreevilasini Sabha Nidhi Limited will be held **on Wednesday, 30th September, 2026 at 2.00 P.M** at the Registered Office of the company to transact the following business:

- To consider and adopt the audited Balance Sheet, Statement of Profit and Loss account and Cashflow Statement of the company for the year ended 31st March 2026 and report of the Board of Directors' and Auditors' thereon.
- To appoint a director in place of Mr. Kaloor Dileep Kumar (DIN: 09794965), who retires by rotation and being eligible, offers himself for re-appointment.

NOTES

1. A member entitled to attend and vote at the meeting is entitled to appoint a proxy to attend and vote in his behalf and such proxy need not be a member of the company.
2. Annual Reports of the Company is available at the Registered Office.

For and on behalf of the Board of Directors of
SREEVILASINI SABHA NIDHI LIMITED

SIVADASAN P
(MANAGING DIRECTOR)
(DIN: 08708014)

SUDHAKARAN V K
(DIRECTOR)
(DIN: 08707878)

Place: Kodungallur
Date : 03-09-2026

പിണറായി സ്വകാര്യ വിമാനത്തിൽ പോയിട്ടുണ്ട്

ആവശ്യം വന്നാൽ ഇനിയും പോകും; മുഖ്യമന്ത്രി

തിരു: മലപ്പുറത്ത് മലവെള്ളപ്പാച്ചിലിൽ മരണപ്പെട്ടവരെ കാണാൻ പോയപ്പോൾ സ്വകാര്യ വിമാനം ഉപയോഗിച്ചതിൽ വിശദീകരണവുമായി മുഖ്യമന്ത്രി വി.ഡി സതശൻ. മലയാളിയായ സ്വകാര്യ വ്യക്തി അറേഞ്ച് ചെയ്ത വിമാനത്തിലാണ് പോയതെന്നും ആളുടെ പേര് വെളുപ്പെടുത്തില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഞാൻ അവിടെ പോയില്ലെങ്കിൽ മുഖ്യമന്ത്രി തിരിഞ്ഞ് നോക്കിയില്ലെന്ന് പറയും. പരിചയക്കാരൻ ഒരു വിമാനം അറേഞ്ച് ചെയ്ത് തന്നു. അതിലാണ് പോയത്. കേരളത്തിലെ മുൻമന്ത്രിമാരായ ഉമ്മൻചാണ്ടിയും പിണറായിയും സ്വകാര്യവ്യക്തി അറേഞ്ച് ചെയ്ത വിമാനത്തിലും ഹെലികോപ്റ്ററിലും യാത്ര ചെയ്തിട്ടുണ്ട്. ഒരു തെറ്റും അതിനകത്ത് കാണുന്നില്ല. ആവശ്യമുണ്ടെങ്കിൽ ഇനിയും താൻ അറേഞ്ച് ചെയ്തു പോകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സ്വകാര്യ വ്യക്തി അറേഞ്ച് ചെയ്ത വിമാനത്തിലാണ് പോയത്. അതാരാണെന്ന് വെളിപ്പെടുത്തണമെന്ന് സി.പി.എം സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു. ആദ്യമയാൾ പിണറായി വിജയൻ മുഖ്യമന്ത്രിയായ കാലത്ത് കേരളത്തിൽ സ്വകാര്യ വിമാനങ്ങളുള്ള ആളുകളുട വിമാനത്തിൽ യാത്ര ചെയ്തിട്ടുണ്ട്. സ്വകാര്യ ഹെലികോപ്റ്ററിൽ യാത്ര ചെയ്തിട്ടുണ്ട്. അന്ന് പേര് വെളിപ്പെടുത്തിയിട്ടുണ്ടോ എന്നും ചോദിച്ചു. ഇന്ത്യയിലെ മുഴുവൻ മുഖ്യമന്ത്രിമാരും അവരുടെ ഔദ്യോഗിക വിമാനത്തിലും ഹെലികോപ്റ്ററിലും അല്ലാതെ സ്വകാര്യ വ്യക്തികളുടേതിലും സഞ്ചരിക്കാറുണ്ട്. എന്തിനാണ് അവരുടെ പേരുകൾ വലിച്ചിഴക്കുന്നത്. ആദ്യം സർക്കാരിന്റെ ഖജനാവിൽ നിന്നും എന്ന് പറഞ്ഞാണ് വാർത്ത വന്നത്. സർക്കാരിന്റെ ഖജനാവിൽ നിന്നല്ല എന്ന് വന്നപ്പോൾ പേര് വെളിപ്പെടുത്തണമെന്നായി. എന്തെങ്കിലും ലാഭേച്ഛയില്ലാതെ ഇതിന് മുതിരുമോ എന്ന ചോദ്യത്തിന് മുൻ മുഖ്യമന്ത്രിയും അങ്ങനെയാണോ കൊടുത്തത് എന്നായിരുന്നു വി.ഡി സതീശന്റെ മറുപടി.

കേരളത്തിൽ വിമാനമുള്ള ആളുകളെ നിങ്ങൾക്കറിയാമല്ലോ, അവരൊക്കൊ പ്രധാനപ്പെട്ട ആളുകൾ തന്നെയാണ്. അത്യാവിശ്യത്തിന് കേരളത്തിലെ മുഖ്യമന്ത്രിക്ക് ഒരു ദുരന്തസ്ഥലത്തേക്ക് പോകാൻ ഒരു വിമാനം അറേഞ്ച് ചെയ്തതിൻറെ പേരിൽ അവർ നാളെ വന്ന് എന്തെങ്കിലും ഔദാര്യം കൈപറ്റാൻ വരുന്നവരല്ല. അങ്ങനെ ഒരു ഔദാര്യവും ഒരാൾക്കും ചെയ്തു കൊടുക്കുന്ന ഗവൺമെൻറുമല്ല. കഴിഞ്ഞ മുഖ്യമന്ത്രി ആ യാത്ര ചെയ്തതിനെ ഞാൻ പറഞ്ഞിട്ട് ഇല്ലല്ലോ. പ്രതിപക്ഷനേതാവ് എന്ന നിലയിൽ ഞാൻ ചോദിച്ചോ അദ്ദേഹം ആരുടെ വിമാനത്തിലാണ് യാത്ര ചെയ്തത് എന്ന്. അദ്ദേഹത്തിന് പോകേണ്ടിവരും. പിണറായി അങ്ങനെ പോയിട്ടുണ്ട്. അങ്ങനെ പോകേണ്ടിവരുമെന്നും വി.ഡി സതീശൻ പറഞ്ഞു.

10 വർഷം പഴക്കമുള്ള വണ്ടിയാണ് കെ.എം. ഷാജി ഉപയോഗിച്ചതെന്നും ജനീഷിനോട് വിദേശത്തേക്ക് പോകാൻ പറഞ്ഞത് താനാണെന്നും മുഖ്യമന്ത്രി.

മന്ത്രിമാരുൾപ്പെട്ട യാത്രാവാഹന വിവാദത്തിലും മുഖ്യമന്ത്രി അവർക്ക് പിന്തുണ പ്രഖ്യാപിച്ചു. സുഹൃത്തിന്റെ വാഹനം മന്ത്രി കെ.എം.ഷാജി ഉപയോഗിച്ചതിൽ അപാകത ഇല്ലെന്നും മന്ത്രി ജനീഷ് കുമാർ വിദേശത്ത് പോയതിലെന്താണ് കുഴപ്പമെന്നും പരിപാടികൾക്കായി വിദേശത്തേക്ക് പോകുമ്പോൾ സംഘടനകൾ ടിക്കെറ്റടുത്ത് നൽകുന്നതിൽ എന്താണ് കുഴപ്പമെന്നും മുഖ്യമന്ത്രി ചോദ്യമുയർത്തുന്നു. 10 വർഷം പഴക്കമുള്ള വണ്ടിയാണ് കെ.എം. ഷാജി ഉപയോഗിച്ചതെന്നും ജനീഷിനോട് വിദേശത്തേക്ക് പോകാൻ പറഞ്ഞത് താനാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ടിക്കറ്റെടുത്ത് നൽകുന്നവർ ഔദാര്യം പറ്റാൻ നിൽക്കുകയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമാനരീതിയിൽ യാത്ര ചെയ്തവരുടെ പട്ടിക തൻറെ കയ്യിലുണ്ടെന്നും അത് വെളിപ്പെടുത്തുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം, മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് എട്ടുലക്ഷം രൂപ സർക്കാർ ധനസഹായം പ്രഖ്യാപിച്ചു. 9 പേരാണ് മരിച്ചത്. ഇഎസ്എയിൽ ആശങ്ക വേണ്ടെന്നും ജനവാസ കേന്ദ്രങ്ങൾ പൂർണമായും ഒഴിവാക്കിയുള്ള മാപ്പ് പ്രസിദ്ധീകരിക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

തിരു : മുൻ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന ലോകകേരള സഭ പിരിച്ചുവിടുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. മന്ത്രിസഭാ യോഗത്തിന് ശേഷം വിളിച്ച വാർത്താസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം പ്രഖ്യാപിച്ചത്. ഇതിന് പകരം ബദൽ സംവിധാനം കൊണ്ടുവരുമെന്നും അദ്ദേഹം അറിയിച്ചു.

ചലച്ചിത്ര–നാടക നടി സാവിത്രി ശ്രീധരൻ അന്തരിച്ചു

തൃശ്ശൂർ: ചലച്ചിത്ര-നാടക നടി സാവിത്രി ശ്രീധരൻ അന്തരിച്ചു. കോഴിക്കോട് മാങ്കാവിലെ വീട്ടിൽ പുലർച്ചെ നാലോടെയായിരുന്നു അന്ത്യം.അസുഖബാധിതയായി ഏറെ നാളായി ചികിത്സയിലായിരുന്നു. സുഡാനി ഫ്രം നൈജീരിയ' എന്ന ചിത്രത്തിലൂടെയാണ് സാവിത്രി ശ്രീധരൻ സിനിമാരംഗത്തേക്ക് അരങ്ങേറ്റം കുറിച്ചത്. ഡാകിനി' (2018), 'വൈറസ്' (2019) എന്നിവയാണ് സാവിത്രി ശ്രീധരന്റെ മറ്റ് പ്രധാന ചിത്രങ്ങൾ. നാടക വേദിയിലും നിരവധി ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്.

റിയാസിനെ ഫാരിസ് അബൂബക്കറിന്റെ മരുമകൻ ആക്കിയവരുണ്ട്; അതുപോലെ ഇഡി കഥയും പൊളിയും: എ.എൻ.ഷംസീർ

തലശ്ശേരി: പി.എ.മുഹമ്മദ് റിയാസിനും ഭാര്യ വീണയ്ക്കും എതിരായ ഇഡിയുടെ വെളിപ്പെടുത്തലുകൾ വ്യക്തിപരമായ വേട്ടയാണെന്ന് മുൻ സ്പീക്കർ എ.എൻ.ഷംസീർ. പണ്ട് നാട്ടിൻപുറങ്ങളിൽ കുടിയന്മാർക്ക് കള്ളുവാങ്ങിക്കൊടുത്ത് മാന്യന്മാരെ ചീത്തവിളിപ്പിച്ചിരുന്നത് പോലുള്ള പണിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ഷംസീർ തുറന്നടിച്ചു. 'വ്യക്തിപരമായി ആക്ഷേപിക്കുക, മാക്സിമം ടാർജറ്റ് ചെയ്യുക, ടാർണിഷ് ചെയ്യുക... ഈ പരിപാടിയാണ് ഇപ്പോൾ നടക്കുന്നത്. ഒരു സംശയവും വേണ്ട, റിയാസും വീണയും പൂർണമായും അവരുടെ നിരപരാധിത്വം തെളിയിക്കും.'

റിയാസിനും വീണയ്ക്കുമെതിരായ ആക്രമണം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ലെന്ന് ഷംസീർ ഓർമിപ്പിച്ചു. 'എത്രകാലമായി ഇത് തുടങ്ങിയിട്ട്. റിയാസിനെ ആക്രമിക്കാൻ തുടങ്ങിയത് 2009ലാണ്. ഫാരിസ് അബൂബക്കറിന്റെ മരുമകൻ എന്നൊക്കെയാണ് അന്ന് പറഞ്ഞത്. ആ ഘട്ടത്തിൽ ഫാരിസ് അബൂബക്കറിനെ റിയാസിന് അറിയുകപോലുമില്ല. എനിക്ക് അദ്ദേഹത്തെ അറിയാമായിരുന്നു. ഞാൻ കണ്ടിട്ടുണ്ട്. അപ്പോഴും അവൻ കണ്ടിട്ടില്ല.'ഷംസീർ പറഞ്ഞു.

തന്റെ മുത്തശ്ശി മരിച്ച സമയത്ത് റിയാസ് വീട്ടിലെത്തിയപ്പോൾ സംഭവിച്ച കാര്യവും ഷംസീർ പങ്കുവച്ചു. 'എന്റെ ഒരനുഭവം പറയാം. എന്റെമുത്തശ്ശി മരിച്ചപ്പോൾ റിയാസ് വന്നു. കബറടക്കത്തിന് മുൻപുള്ള ചടങ്ങുകൾ നടക്കുന്ന സമയമാണ്. അപ്പോൾ ഒരു ഉസ്താദ് എന്നെ ചുറ്റിപ്പറ്റി നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം റിയാസിനെ ചൂണ്ടിക്കാണിച്ച് ചോദിച്ചു, 'റിയാസ് അല്ലേ അത്?'. അതേ, എന്ന് ഞാൻ പറഞ്ഞു. പിന്നെ അയാൾ പോകുന്നില്ല. എന്താ നിങ്ങൾ പോകാത്തത് എന്ന് ചോദിച്ചപ്പോൾ ഉസ്താദ് പറഞ്ഞു, 'നിങ്ങൾ റിയാസിനോട് ഒരു ശുപാർശ ചെയ്യണം, ഫാരിസിനോട് പറഞ്ഞ് എനിക്ക് ഒരു വീട് വച്ചുതരണം' എന്ന്. ആലോചിച്ചുനോക്കൂ, ഒരു തിരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ മെനഞ്ഞെടുത്ത ഒരു കഥ ജനങ്ങൾക്കിടയിൽ എത്രമാത്രം ഇംപാക്ട് ഉണ്ടാക്കി എന്നുള്ളതാണ്. ആ കഥ ജനങ്ങൾ വിശ്വസിച്ചു. അവരുടെ ധാരണ റിയാസ് ഫാരിസിന്റെ അടുത്ത ബന്ധുവാണെന്നാണ്.' ഷംസീർ പറഞ്ഞു.

'ആ ഉസ്താദ് പറയുകയാണ്, നീയൊന്ന് റിയാസിനോട് പറയണം, നിങ്ങളൊന്ന് പറഞ്ഞാൽ അയാൾ എനിക്കൊരു വീട് വച്ചുതരും എന്ന്. ഞാൻ പറഞ്ഞു, ഓന് ഫാരിസിനെയൊന്നും അറിയില്ല. ഞാൻ റിയാസിനോട് തന്നെ ഈ കഥ പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള പല കഥകളാണ് പ്രചരിപ്പിച്ചത്. എന്തെല്ലാം കഥകൾ! റിയാസ് ആകട്ടെ, ഞാൻ ആകട്ടെ നമ്മളെപ്പറ്റി എന്തെല്ലാം കള്ളക്കഥകളാണ് പ്രചരിപ്പിക്കുന്നത്. ഇത് കേൾക്കുക എന്നല്ലാതെ വേറെ എന്തുചെയ്യാൻ പറ്റും? സാധാരണ ഈ ആക്രമണം വരുമ്പോൾ വസ്തുതയുണ്ടെങ്കിൽ ആളുകൾക്ക് ക്ഷീണമാകുമല്ലോ. ഒരു ക്ഷീണവും ഇല്ലാതെ അതിന്റെ എ ടു സെഡ് പ്രവർത്തനങ്ങൾ കോഓർഡിനേറ്റ് ചെയ്തത് റിയാസാണ്. ഒരു സംശയവും വേണ്ട.' ഷംസീർ പറഞ്ഞു

അമല ദേശീയ പുസ്തകോത്സവം: ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല മുഖ്യാതിഥി

അമലനഗർ: അമല ദേശീയ പുസ്തകോത്സവത്തിന്റെയും കേരള ഗവൺമെന്റിന്റെ ആന്റി നാർകോട്ടിക് ക്യാമ്പയിൻ ആയ 'തൂഫാന്റെയും' ഉദ്ഘാടനവും വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള അവാർഡ് വിതരണവും പുസ്തക പ്രകാശനവും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല 24 ന് വ്യാഴാഴ്ച 2 മണിക്ക് നിർവഹിക്കും.

അഖില കേരള ബെസ്റ്റ് കോളേജ് മാഗസിൻ മത്സരത്തിൽ കോഴിക്കോട് കെ.എം.സി. ടി. മെഡിക്കൽ കോളേജ്, തൃശൂർ അമല മെഡിക്കൽ കോളേജ്, തിരുവന്തപുരം ഗവ: നഴ്സിങ്ങ് കോളേജ് എന്നിവ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ദേവസ്വം മന്ത്രിയുടെ നിസ്സഹകരണത്തിൽ അമർഷം; കെ. ജയകുമാർ മുഖ്യമന്ത്രിയെ കാണും

തിരു : ദേവസ്വം മന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തുനിന്നുള്ള കടുത്ത നിസ്സഹകരണത്തിൽ അമർഷമറിയിച്ച് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ ഇന്ന് മുഖ്യമന്ത്രിയെ കാണും. സർക്കാരിന്റെ പിന്തുണയില്ലാതെ ബോർഡിന് മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന വിഷയം അദ്ദേഹം മുഖ്യമന്ത്രിയോട് വിശദീകരിക്കും.

അരവണ പ്ലാന്റിന്റെ ശേഷി വർധിപ്പിക്കുന്ന വിപുലീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട വിമർശനങ്ങളാണ് നിലവിലെ അതൃപ്തിക്ക് കാരണം. പ്ലാന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാരിനും മുഖ്യമന്ത്രിക്കും നേരത്തെ തന്നെ അറിവുണ്ടായിരുന്നു. എന്നിട്ടും മന്ത്രിയുടെ ഓഫീസ് അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കുന്നതിലാണ് ബോർഡ് പ്രസിഡന്റ് അമർഷവും നിരാശയും പ്രകടിപ്പിക്കുന്നത്.

ശബരിമലയിൽ ചെയ്ത കാര്യങ്ങളെല്ലാം കെ. ജയകുമാർ മുഖ്യമന്ത്രിയോട് വിശദീകരിക്കും. സർക്കാരിന്റെ പിന്തുണയില്ലെങ്കിൽ അല്ലെങ്കിൽ താൻ രാജിവെച്ചൊഴിയണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതെങ്കിൽ അതിനും തയ്യാറാണെന്ന നിലപാടിലാണ് അദ്ദേഹം. ഈ വിഷയത്തിൽ സ്വയം രാജിവെച്ചു പോകുന്നത് ശരിയല്ലെങ്കിലും, ഒഴിഞ്ഞു പോകാനാണ് സർക്കാരിന്റെ താല്പര്യമെങ്കിൽ കടുത്ത തീരുമാനങ്ങൾ എടുത്തേക്കുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

CMRL കേസ്: എഫ്ഐആർ വൈകിയാൽ ഹൈക്കോടതിയെ സമീപിക്കാൻ ഇഡി

തിരു: സി.എം.ആർ.എൽ.–എക്സാലോജിക് ഇടപാടിൽ മുൻമുഖ്യമന്ത്രി പിണറായി വിജയൻ, മകൾ ടി. വീണ, മുൻ മന്ത്രി പി.എ. മുഹമ്മദ് റിയാസ് എന്നിവർക്കെതിരായ പോലീസ് അന്വേഷണം സംബന്ധിച്ച അന്തിമതീരുമാനം വൈകുന്നു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി.) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണമാകാം എന്ന് ആഭ്യന്തര വകുപ്പ് തീരുമാനിച്ചെങ്കിലും, ഇതു സംബന്ധിച്ച ഫയലുകൾ സംസ്ഥാന പോലീസ് മേധാവിക്ക് ഇതുവരെ കൈമാറിയിട്ടില്ല.

അന്വേഷണം നടത്താമെന്ന് അഡ്വക്കറ്റ് ജനറൽ (എ.ജി.), അഡീഷണൽ എ.ജി., ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവരിൽനിന്ന് മൂന്ന് നിയമോപദേശങ്ങളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. എന്നാൽ, ഫയൽ ലഭിക്കാതെ നേരിട്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമോ എന്നതിലും ക്രൈംബ്രാഞ്ച് അന്വേഷണമാണോ സാമ്പത്തിക കുറ്റകൃത്യ വിഭാഗത്തിന്റെ അന്വേഷണമാണോ നടത്തേണ്ടത് എന്നതിലും ഡി.ജി.പി.ക്ക് തീരുമാനമെടുക്കാൻ കഴിയില്ല.

അതേസമയം, സംസ്ഥാന പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ കാലതാമസം വരുത്തിയാൽ നിയമനടപടികളുമായി ഹൈക്കോടതിയെ സമീപിക്കാൻ ഇ.ഡി. ആലോചിക്കുന്നുണ്ട്. പി.എം.എൽ.എ. സെക്ഷൻ 66(2) പ്രകാരം കേസെടുക്കാൻ ആവശ്യമായ രേഖകൾ ഇ.ഡി. നേരത്തെ തന്നെ ഡി.ജി.പി.ക്ക് കൈമാറിയിരുന്നു. സംസ്ഥാന പോലീസ് എഫ്.ഐ.ആർ. ഇടുകയാണെങ്കിൽ അഴിമതി നിരോധന നിയമപ്രകാരം ഇ.ഡി.ക്ക് കേസ് റീ-രജിസ്റ്റർ ചെയ്ത് അന്വേഷണവുമായി മുന്നോട്ടു പോകാൻ സാധിക്കും.

എഫ്.ഐ.ആർ. വൈകിയാൽ കോടതിയെ സമീപിക്കാൻ അധികാരമുണ്ടെന്ന സുപ്രീം കോടതി വിധികളുടെ പശ്ചാത്തലത്തിലാണ് ഇ.ഡി.യുടെ ഈ നീക്കം. കൂടാതെ, സി. എം.ആർ.എൽ.–എക്സാലോജിക് ഇടപാട് കേസിൽ ആദ്യഘട്ട കുറ്റപത്രം സമർപ്പിക്കാനുള്ള തയ്യാറെടുപ്പിലാമാണ് ഇ.ഡി.

കൊടുങ്ങല്ലൂരിൽ അടച്ചിട്ട വീട്ടിൽ മോഷണം

തൃശ്ശൂർ: കൊടുങ്ങല്ലൂർ കോട്ടപ്പുറത്ത് അടച്ചിട്ട വീട്ടിൽ മോഷണം. വീട്ടിൽ സൂക്ഷിച്ചിരുന്ന പതിനായിരം രൂപയോളം വരുന്ന നാണയങ്ങൾ, വിവിധ തരം പുരാവസ്തുക്കൾ എന്നിവ കവർന്നു.

കൃഷ്ണവിലാസ് മഠത്തിൽ സുമംഗലയുടെ വീട്ടിലാണ് മോഷണം നടന്നത്.

കോടതി പരസ്യം

ബഹു. തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ
O.S. 3720/2019

തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജ്, തൃശ്ശൂർ ടൗണിൽ പാലസ് റോഡിൽ കള്ളിയത്ത് റോയൽ സ്ക്വയറിൽ പ്രവർത്തിച്ചു വരുന്ന ജീസസ്സ് കുറീസ് പ്രൈ. ലിമിറ്റഡ് എന്ന കമ്പനിക്ക് വേണ്ടി ടി കമ്പനിയുടെ ഇപ്പോഴത്തെ ഡയറക്ടറായ തൃശ്ശൂർ താലൂക്ക്, ചെമ്പൂക്കാവ് വില്ലേജ് ദേശത്ത്, ചക്കാലക്കൽ വീട്ടിൽ 55 വയസ്സ് തോമസ് സി.കെ.

–അന്യായക്കാരൻ

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, ചൂണ്ടൽ വില്ലേജ്, കൂനംമൂച്ചി ദേശത്ത്, വെളുത്തേടത്ത് ദാമോദർ ഭാര്യ ജിഷ വി.

–മൂന്നാം പ്രതി

മേൽനമ്പിൽ 3–ാം പ്രതിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാൻ കൽപ്പിച്ച് **28–9–2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അഡ്വക്കെറ്റോ ബഹു കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽനമ്പ്ര് കേസിൽ വിചാരണ തുടരുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 24–7–2026
അന്യായഭാഗം അഡ്വക്കെറ്റ്സ്
പി.എ. മുരളീരാജ് & എ. ദേവദാസ് (ഒപ്പ്)

ബാങ്ക് ഓഫ് ബറോഡയിൽ തീപിടുത്തം

ഗുരുവായൂർ: ഗുരുവായൂരിൽ ബാങ്ക് ഓഫ് ബറോഡയിൽ തീപിടുത്തം. ഫയർഫോഴ്സെത്തി തീ അണച്ചു.

രാത്രിയാണ് സംഭവം. പുക ഉയരുന്നത് കണ്ട് സമീപത്തുണ്ടായിരുന്നവർ വിവരം ഫയർഫോഴ്സിനെ അറിയിക്കുകയായിരുന്നു. തുടർന്ന് ഫയർഫോഴ്സ് സ്ഥലത്തെത്തി തീ അണച്ചു. എസിയിൽ നിന്നുള്ള ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

തൃശൂർ നഗരത്തിൽ നാളെ ഗതാഗതനിയന്ത്രണം

തൃശൂർ: തൂഫാൻ ജാഗരൺ യാത്രയോടനുബന്ധിച്ച് നാളെ ഉച്ചയ്ക്കു രണ്ടുമുതൽ തൃശൂർ നഗരത്തിലും പരിസരത്തും ഗതഗത നിയന്ത്രണം ഏർപ്പെടുത്തും. സ്വരാജ് റൗണ്ടിലും സമീപ റോഡുകളിലും പാർക്കിംഗ് നിരോധിച്ചു. ജില്ലയുടെ വിവിധ മേഖലകളിൽ നിന്നു വരുന്ന സ്വകാര്യ ബസുകളും കെഎസ്ആർടിസി ബസുകളും വഴിതിരിച്ചുവിടും. അത്യാവശ്യ സാഹചര്യത്തിലല്ലാതെ നഗരത്തിലേക്കു സ്വകാര്യ വാഹനങ്ങളിൽ വരുന്നത് ഒഴിവാക്കണമെന്നും പൊലിസ് അഭ്യർഥിച്ചു.

കോടതി പരസ്യം

ബഹു. തൃശ്ശൂർ രണ്ടാം അഡിഷ്ണൽ ജില്ലാ കോടതി മുമ്പാകെ
EP: 20/2025

1. M/s Euroclean General Trading LLC, No 102, Hamad Ahmed Hamad Bin Souqat Al Falasi, Al Muraqqabat Dubai, UAE, PO Box No 55065 (Rep by the Partner, Ismail Kunjimoidu aged 57 years S/o Kunjimoldu, Puthumanayil House, Kochanur PO, Kunnamkulam, Thrissur)
2. M/s Interclean Detergents & Disinfectants Mfg LLC Al Jurf Industrial Area 1.Behind China Mall, Ajman, United Arab Emirates (Rep by the Partner, Ismail Kunjimoidu aged 57 years S/o Kunjimoidu, Puthumanayil House, Kochanor PO, Kunnamkulam, Thrissur)

ഹർജിക്കാർ/വിധി ഉടമ

Shafeer General Trading LLC, Salih Bin Hyder Est-Amman Street, Industrial Area 1, Ajman United Arab Emirates Rep by Partner Shafeer Valiaparambil M aged 51 years Vadakkekkad Panchayat, Vylathur Village, Kochannur, Trichur

എതിർകക്ഷി/വിധി കടക്കാർ

മേൽ നമ്പർ കേസിൽ എതിർകക്ഷി/വിധി കടക്കാർക്കുള്ള ഓർഡർ 21 റൂൾ 66 നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പിച്ച് മേൽ നമ്പർ കേസ് **14–10–2026** തീയതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന് 2–9–2026
ഹർജി/വിധി ഉടമ ഭാഗം അഡ്വക്കേറ്റ്
പി ബി ഹാരിസ് (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

പുസ്തക വിതരണം നടന്നു

ഗുരുവായൂർ: പുസ്തക സൗഹൃദ പദ്ധതിയുടെ ഭാഗമായി കണ്ടാണശ്ശേരി പഞ്ചായത്തിലെ അഞ്ചാം വാർഡിലെ അംഗൻവാടി അധ്യാപികമാർക്കുള്ള പുസ്തക വിതരണം നടന്നു.

സാംസ്കാരിക പ്രവർത്തകനായ സുലൈമാൻ അസ്ഹരി കണ്ടാണശേരി പഞ്ചായത് അഞ്ചാം വാർഡ് മെമ്പർ സഫീറ അസീസിനെ പുസ്തകങ്ങൾ കൈമാറി സൗഹൃദ സദസ് ഉത്ഘാടനം ചെയ്തു.

ജില്ലയിലെ പ്രൈമറി തലത്തിലുള്ള അധ്യാപകർക്കായി മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനായ പിജെ സ്റ്റൈജു മാസ്റ്ററാണ് അധ്യാപക പുസ്തക സൗഹൃദ പദ്ധതി ആരംഭിച്ചത്. ചെറുപ്രായത്തിൽ തന്നെ വിദ്യാർത്ഥികളിൽ ധാർമിക മൂല്യങ്ങൾ നിറഞ്ഞ നന്മയുടെ കഥകൾ അധ്യപകർ പകർന്നു നല്കുന്നതിനാണ് പുസ്തക സൗഹൃദ പദ്ധതി ആരംഭിച്ചത്. പാറകുളം ഹെൽത്ത് സെന്ററിന് സമീപം സംഘടിപ്പിച്ച സൗഹൃദ സദസിൽ പി കുഞ്ഞിപ്പ അധ്യക്ഷത വഹിച്ചു മേജർ പി.ജെ സ്റ്റൈജു പുസ്തക സൗഹൃദ പദ്ധതി വിശദികരിച്ചു. ഗ്രാമപഞ്ചായത്തംഗം സഫീറ അസീസ് മുഖ്യാതിഥിയായി. ഡോ പ്രശാന്ത്. ഹനീഫ , റഷിദ് നാലകത്ത് എന്നിവർ പ്രസംഗിച്ചു.

കണ്ടാണശേരി പഞ്ചായത്തിലെ എൽ പി സ്കൂൾ അധ്യാപകർക്കുള്ള പുസ്തക സൗഹൃദ പദ്ധതി അധ്യാപക ദിനത്തിൽ മുൻ വിദ്യാഭ്യാസ മന്ത്രി പ്രഫ .സി രവിന്ദ്രനാഥ് വിതരണം ചെയ്തിരുന്നു.

സ്നേഹതീരം പഞ്ചദിന സഹവാസ ക്യാമ്പിന് തുടക്കം

കൊല്ലങ്കോട്: സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസ്, ഇരിഞ്ഞാലക്കുടയിലെ ഒന്നാം വർഷ സാമൂഹിക പ്രവർത്തന വിഭാഗത്തിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'സ്നേഹതീരം' പഞ്ചദിന സഹവാസ ക്യാമ്പിന് കൊല്ലങ്കോട് ആശ്രയം എൻ.ജി.ഒയിൽ തുടക്കമായി.

ക്യാമ്പിന്റെ ഉദ്ഘാടനം കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ. ശിവൻ നിർവഹിച്ചു. ചടങ്ങിൽ ആശ്രയം റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി കോർഡിനേറ്റർ ശശികുമാർ, ഡിസ്ട്രിക്ട് കോർഡിനേറ്റർ ഗ്രീൻ കോർപ്സ് ഗുരുവായൂരപ്പൻ, ആശ്രയം എൻ.ജി.ഒ ഫൗണ്ടേഷൻ മെമ്പർ അരവിന്ദാക്ഷൻ, സി.ഡി.എസ്. മെമ്പർ ടിൻസി, സെന്റ് ജോസഫ്സ് കോളേജ് അധ്യാപകരായ മേഘന ഡേവിസ്, കൃഷ്ണേന്ദു കെ. ബി., വിവിധ കോളേജുകളിൽ നിന്നുള്ള സാമൂഹിക പ്രവർത്തന വിദ്യാർത്ഥികൾ, ആശ്രയം എൻ.ജി.ഒയിലെ പ്രവർത്തകർ, ഗ്രാമവാസികൾ എന്നിവർ സന്നിഹിതരായി.

ഗ്രാമീണ സമൂഹത്തെ അടുത്തറിയുന്നതിനും സാമൂഹിക പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുന്നതിനും വിദ്യാർത്ഥികൾക്ക് പ്രായോഗിക അനുഭവം നൽകുന്നതിനുമാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സാമൂഹിക ഇടപെടലുകളും പഠന പ്രവർത്തനങ്ങളും ക്യാമ്പിന്റെ ഭാഗമായി നടക്കും.

നാട്ടിക ലയൺസ് ക്ലബ് RC ZC VISIT നടത്തി

ONS CLUB OF NATTIKA
RC - ZC VISIT AND FAMILY GET TOGETHER

തൃപ്രയാർ: നാട്ടിക ലയൺസ് ക്ലബ്ബിൽ ഓണാഘോഷവും റീജിയൺ ചെയർമാൻ സോൺ ചെയർമാൻ എന്നിവരുടെ ഔദ്യോഗിക സന്ദർശനവും നടത്തി. ക്ലബ് പ്രസിഡന്റ് ലയൺ വാസൻ കോഴിപ്പറമ്പിലിന്റെ അധ്യക്ഷതയിൽ റീജിയൺ ചെയർമാൻ ലയൺ പീതാംബരൻ രാരമ്പത് ഉൽഘാടനം നിർവഹിച്ചു . സോൺ ചെയർമാൻ ലയൺ MJF ഹരിലാൽ അപ്പുകുട്ടൻ ഏരിയ ചെയർപേഴ്സൺ ലയൺ അമൃത ജയപ്രകാശ് ഡിസ്ട്രിക്ട് ചെയർപഴ്സൺമാരായ ലയൺ പവിത്രൻ ഇയ്യാനി, ലയൺ ജയപ്രകാശ് ചക്കാമഠത്തിൽ, സുനിൽകുമാർ സി ബി എന്നിവർ ആശംസകൾ നേർന്നു.

സി എസ് ശശിധരൻ, ടി യു സുഭാഷ് ചന്ദ്രൻ, ഇ.ജെ ബൈജു, ഡോ. ജ്യോതി എൻ എസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. ലയൺ മനോജ്കുന്നത്തിന്റെ നേതൃത്വത്തിൽ വിവിധ കലാമത്സരങ്ങളും ഓണസദ്യയും ഉണ്ടായി.

കോടതി പരസ്യം

ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ

CC: 342/2026

അനുരാജ് സി എ, ചീരമ്പത്ത് ഹൗസ്, അവിണിശ്ശേരി, പെരിഞ്ചേരി, തൃശൂർ
-ഹരജിക്കാരൻ

1) Manager, Ola Electric Technologies Pvt, Ltd. ഗ്രൗണ്ട് ഫ്ളോർ, ജെ എം ടവർ തൃശൂർ, കുന്നംകുളം റോഡ്, പേരാമംഗലം, തൃശൂർ
-1-ാം എതൃകക്ഷി

മേൽനമ്പ്ര് കേസ് **03-12-2026** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 23-9-2026
ഹരജിഭാഗം അഡ്വക്കെറ്റ്
എ ഡി ബെന്നി (ഒപ്പ്)

പ്രഫഷണൽ നാടകോത്സവം

തൃശൂർ കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളി സഹസ്രാബ്ദ ജൂബിലി പാർഷ് ഹാളിൽ എൻ കെ ദേവസി സ്മാരക അഖില കേരള പ്രഫഷണൽ നാടകോത്സവം. ഇന്ന് വൈകീട്ട് 7ന് (തിരുവനന്തപുരം ശ്രീനന്ദനയുടെ ഇരുവർ) ഉണ്ടായിരിക്കുന്നതാണ്.

പ്രമുഖ സോഷ്യലിസ്റ്റ് അഡ്വ. വി.എൻ. നാരായണൻ വിടവാങ്ങി

പ്രമുഖ സോഷ്യലിസ്റ്റ് നേതാവ്, സാമൂഹ്യ-സാംസ്കാരികനേതാവ്, രാഷ്ട്രീയ പ്രവർത്തകൻ, അധ്യാപകൻ, അഡ്വക്കേറ്റ്, പ്രമുഖ നേതാക്കളുമായി വ്യക്തിബന്ധമുണ്ടായിരുന്ന നേതാവ്, പാറമേക്കാവ് ദേവസ്വം കമ്മിറ്റി ജോ. സെക്രട്ടറി, പൂരം എക്സിബിഷൻ കമ്മിറ്റിയംഗം, വിവിധ സാംസ്കാരികസംഘടനകളുടെ ഭാരവാഹി, സംഘാടകൻ, പ്രാസംഗികൻ തുടങ്ങിയ നിലകളിൽ തൃശൂരിലെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന പ്രമുഖ വ്യക്തിത്വമായിരുന്നു ഇന്ന് (23.09.2026) രാവിലെ നിര്യാതനായ അഡ്വ. വി.എൻ. നാരായണൻ.

തൃശൂരിലെ പ്രമുഖ വേണാട്മനയിൽ ജനിച്ച നാരായണൻ തൃശൂർ കേരളവർമ്മ കോളേജ്, സെ. തോമസ് കോളേജ് എന്നിവിടങ്ങളിലായി പഠനം പൂർത്തിയാക്കി. ഏതാനും വർഷം തൃശൂരിലെ പല ട്യൂട്ടോറിയൽ കോളേജുകളിൽ അധ്യാപകനായി. പഠിക്കുന്ന കാലത്ത് തന്നെ സോഷ്യലിസ്റ്റ് വിദ്യാർത്ഥിപ്രസ്ഥാനമായ ഐ.എസ്.ഒ.യിൽ സംസ്ഥാന ചെയർമാൻ ആയിരുന്നു. തിരുവനന്തപുരം ലോ അക്കാദമിയിൽനിന്ന് പിന്നീട് എൽ.എൽ.ബി. ബിരുദം നേടി. ജനത പാർട്ടി രൂപീകൃതമായപ്പോൾ അതിന്റെ ജില്ല ഭാരവാഹിയും യുവജനതയുടെ ജില്ലാ പ്രസിഡണ്ടുമായി. അടിയന്തിരാവസ്ഥ കാലത്ത് ജില്ലയിലെ മുന്നണിപോരാളികളുടെയും ജയിൽവാസികളുടെയും സംരക്ഷണത്തിനായി പുറത്തുനിന്ന് അഹോരാത്രം പരിശ്രമിച്ചു. ജനതാദൾ പാർട്ടി രൂപീകരിച്ചപ്പോൾ അതിന്റെ സംസ്ഥാന സെക്രട്ടറിയായി.

ഞാൻ അഡ്വ. നാരായണനെ ഓർക്കുന്നത് ഒല്ലൂരിൽ 1975-ൽ നടന്ന യൂത്ത് കോൺഗ്രസ് നേതാവ് പി.കെ. അന്തുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് അന്നത്തെ ജനതാപാർട്ടിനേതാവ് കെ. പി. ദേവസിമാസ്റ്റർക്ക് നേരെയുണ്ടായ വധഭീഷണിയെ നേരിടാൻ അദ്ദേഹത്തിന്റെ വസതിയിൽ സംരക്ഷണം ഒരുക്കിയത് യുവനേതാവായിരുന്ന നാരായണനായിരുന്നു.

ഏത് പ്രതിസന്ധികളേയും ധീരമായി നേരിടാൻ പ്രത്യേക സിദ്ധിയുണ്ടായിരുന്നു. തൃശൂരിലെ പ്രമുഖ നേതാക്കളായ എൻ. കെ. ശേഷൻ, സി. അച്ചുതമേനോൻ, സി.സി. ജോർജ്ജ്, കെ.ജെ. ജോർജ്ജ്, പി.എ. ആന്റണി, അഡ്വ. പുഴങ്കര ബാലനാരായണൻ, വി. കരുണാകരൻ നമ്പ്യാർ, വി.വി. രാഘവൻ, എ.പി. നമ്പ്യാർ, കെ. കരുണാകരൻ, എം. ആർ. നായർ, ബി.സി. വർഗ്ഗീസ്, തേറമ്പിൽ രാമകൃഷ്ണൻ തുടങ്ങി പ്രമുഖ നേതാക്കളെല്ലാവരുമായി അടുത്ത ബന്ധമുണ്ടായിരുന്നു. അതുപോലെ സോഷ്യലിസ്റ്റ് പാർട്ടിയിലെ രാം മനോഹർ ലോഹ്യ, ജയപ്രകാശ് നാരായണൻ, ജോർജ്ജ് ഫെർണാണ്ടസ് തുടങ്ങി അനേകം ദേശീയനേതാക്കളുമായി ബന്ധമുണ്ടായിരുന്നു.

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചില്ലെങ്കിലും തൃശൂരിന്റെ പൊതുജീവിതത്തിൽ നിരന്തരം ഇടപ്പെട്ട നേതാവായിരുന്നു.

ഡോ. കെ.കെ. രാഹുലനുമായുള്ള പരിചയമാണ് 50 വർഷങ്ങൾക്കു മുമ്പുതന്നെ സഹൃദയവേദിയിൽ കമ്മിറ്റിയംഗമായും പിന്നീട് ജോ. സെക്രട്ടറി, ട്രഷറർ, മാസിക സബ്ബ് എഡിറ്റർ എന്നീ സ്ഥാനങ്ങളിൽ വരാൻ കാരണമായത്. സഹൃദയവേദിയുടെ നിലവിലെ കമ്മിറ്റിയംഗമാണ് അഡ്വ. നാരായണൻ.

ജില്ല പൗരസമിതി സ്ഥാപകനേതാക്കളിൽ ഒരാളായ അദ്ദേഹം ഇപ്പോൾ ജോ. സെക്രട്ടറിയാണ്. കൂടാതെ ദേവസ്വം ഭാരവാഹിയായും പൂരം എക്സിബിഷൻ കമ്മിറ്റിയംഗമായും നിരവധി വർഷം പ്രവർത്തിച്ചിട്ടുണ്ട്. അച്യുതമേനോൻ സ്മാരകസമിതി, അഡ്വ. പുഴങ്കര ബാലനാരായണൻ അനുസ്മരണസമിതി എന്നിവയുടെ സ്ഥാപകനേതാവും ഇപ്പോൾ രണ്ടിന്റെയും ചെയർമാനുമാണ്.

തൃശൂർ സെ. തോമസ് കോളേജ് ഒ.എസ്.എ., പി.ടി.എ എന്നീ കമ്മിറ്റികളിലും പ്രവർത്തിച്ചു. ജനതാദളിന്റെ വിവിധ തൊഴിലാളി യൂണിയൻ നേതാവായും പ്രവർത്തിച്ചിട്ടുണ്ട്.

തൃശൂരിൽ നടന്നിട്ടുള്ള യുവജനോത്സവങ്ങൾ, കവികൾ, നേതാക്കൾ എന്നിവരുടെ ജന്മദിനാഘോഷങ്ങൾ, അനുസ്മരണസമ്മേളനങ്ങൾ, ജൂബിലി ആഘോഷങ്ങൾ എന്നിവയുടെയെല്ലാം സംഘാടകസമിതിയിൽ അദ്ദേഹമുണ്ടായിരുന്നു.രാഷ്ട്രീയത്തിനും മതത്തിനും അതീതമായി ധനിക-ദരിദ്രവ്യത്യാസമില്ലാതെ പ്രായഭേദമന്യേ എല്ലാവരുമായി സൗഹാർദ്ദം കാത്തുസൂക്ഷിച്ചിരുന്ന അഡ്വ. വി.എൻ. നാരായണൻ തൃശൂർ ജില്ല ആർ. ജെ.ഡി.യുടെ പ്രമുഖ സീനിയർ നേതാവാണ്. അതുകൊണ്ടുതന്നെ മുൻമന്ത്രിയായിരുന്ന കെ. ചന്ദ്രശേഖർ, എം.പി.വീരേന്ദ്രകുമാർ, ശ്രേയാംസ്കുമാർ എന്നിവരുമായി അടുത്ത ബന്ധമുണ്ടായിരുന്നു.

തൃശൂരിലെ വേണാട്മന നീലകണ്ഠൻ-ശ്രീദേവി ദമ്പതികളുടെ മകനായി 24-05-1951 ന് നാരായണൻ ജനിച്ചു. സഹോദരങ്ങൾ: വാസുദേവൻ, പരേതനായ പരമേശ്വരൻ, ദാമോദരൻ, പാർവ്വതി, ശങ്കരൻ, പരേതനായ നീലകണ്ഠൻ. 1991-ൽ വെള്ളൂർ വൈക്കത്തുമന സുമതിയെ വിവാഹം ചെയ്തു. മക്കൾ: ഡോ. ഗായത്രി, സാവിത്രി (സൗത്ത് ഇന്ത്യൻ ബാങ്ക്) മരുമക്കൾ: അഡ്വ. കാർത്തിക് ഭവദാസൻ (എറണാകുളം) ഗോപീകൃഷ്ണൻ കൂത്താട്ടുകുളം (എസ് ഐ ബി).

ഇടതു-വലതു ഗവൺമെന്റിലെ എല്ലാ നേതാക്കളുമായി സൗഹാർദ്ദം സൂക്ഷിച്ചിരുന്ന അദ്ദേഹത്തിന് തൃശൂരിലെ രാഷ്ട്രീയ ചലനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള അതീവ വൈഭവമുണ്ടായിരുന്നു. 2വർഷമായി വിവിധ അസുഖങ്ങളെത്തുടർന്ന് പുറമേ പരിപാടികളിൽ അപൂർവ്വമായേ പോകാറുള്ളൂ. എങ്കിലും 6പതിറ്റാണ്ടോളം സമൂഹത്തിൽ നിറഞ്ഞുനിന്ന് പൊതുപ്രവർത്തനങ്ങളിൽ പുതിയ പാത വെട്ടിത്തുറന്ന സൗമ്യനായ സോഷ്യലിസ്റ്റ് നേതാവായിരുന്നു അഡ്വ. വി.എൻ. നാരായണൻ. വി.എൻ. നാരായണൻ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

-ബേബി മൂക്കൻ

വൻ ദുരന്തം ഒഴിവായി

കുന്നംകുളം: വടക്കാഞ്ചേരി - കുന്നംകുളം സംസ്ഥാന പാതയിൽ കുമരനെല്ലൂർ ന്യൂരാഗം തിയേറ്ററിന് സമീപം സർവീസ് നടത്തുകയായിരുന്ന സ്വകാര്യ ബസിന്റെ മുൻചക്രം ഓട്ടത്തിനിടെ ഊരിപ്പോയി.

റോഡരികിലെ കുറ്റിക്കാട്ടിലേക്ക് തെറിച്ചുപോയ ചക്രം നിലയുറപ്പിച്ചതോടെ ബസ് നിയന്ത്രണം വിടാതെ നിർത്തുവാൻ കഴിഞ്ഞത് വൻ ദുരന്തം ഒഴിവാക്കി. രാത്രി സമയത്ത് നിറയെ യാത്രക്കാരുമായി പോവുകയായിരുന്ന ജോഷിമോൻ എന്ന ബസാണ് അപകടത്തിൽപ്പെട്ടത്. ഡ്രൈവറുടെ സമയോചിതമായ ഇടപെടൽ കാരണമാണ് വൻ അപകടം ഒഴിവായതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. സംഭവത്തെ തുടർന്ന് പ്രദേശത്ത് ഏറെ നേരം ഗതാഗതക്കുരുക്ക് രൂപപ്പെടുകയും ചെയ്തു.

നേതൃത്വ സമ്മേളനം

ഇരിങ്ങാലക്കുട : കേരള കോൺഗ്രസ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം നേതൃത്വ സമ്മേളനം എന്ന പേരിൽ ഈ മാസം 18 ന് ഇരിങ്ങാലക്കുടയിൽ നടന്നുവെന്ന് ചിലർ പ്രചരിപ്പിക്കുന്നത് ശരിയല്ലാത്തതും വസ്തുതാ വിരുദ്ധവുമാണെന്ന് ജില്ലാ സെക്രട്ടറി സേതുമാധവൻ പറയം വളപ്പിൽ സംസ്ഥാനജ നറൽ സെക്രട്ടി മിനി മോഹൻദാസ് ജില്ലാ സെക്രട്ടറിയേറ്റ് അംഗം കെ സതീഷ് കാട്ടൂർ നിയോജക മണ്ഡലം പ്രസിഡണ്ട് റോക്കി ആളൂ ക്കാരൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

അന്നേ ദിവസം തൃശൂരിൽ തോമസ് ഉണ്ണിയാടൻ എം എൽ എ ക്ക് തൃശൂരിൽ നൽകിയ സ്നേഹ കൂട്ടായ്മയുടെ ശോഭ കെടുത്തുന്നതിന് ഇരിങ്ങാലക്കുടക്കാർ അല്ലാത്ത ഒന്നോ രണ്ടോ കുബുദ്ധികളാണ് ഇത്തരം വാർത്തകൾക്ക് പിന്നിലുള്ളതെന്നും അവർ പറഞ്ഞു ജില്ലാ സെക്രട്ടറിമാരായ പി ടി ജോർജ് സിജോയ് തോമസ് മുനി.കൗൺസിലർ മാഗി വിൻസന്റ് എന്നിവരും പങ്കെടുത്തു

അനുസ്മരണയോഗം സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: അന്തരിച്ച ഇരിങ്ങാലക്കുട സർവീസ് സഹകരണ ബാങ്ക് മുൻ പ്രസിഡന്റ് എം എസ് കൃഷ്ണകുമാറിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ബാങ്ക് കോൺഫ്രൻസ് ഹാളിൽ അനുസ്മരണയോഗം സംഘടിപ്പിച്ചു. ബാങ്ക് വൈസ് പ്രസിഡണ്ട് കെ എം ധർമ്മരാജന്റെ അധ്യക്ഷതയിൽ ചേർന്ന അനുസ്മരണ യോഗത്തിൽ ബാങ്ക് പ്രസിഡന്റ് വിജയൻ ഇളയേടത്ത് അനുസ്മരണ പ്രഭാഷണം നടത്തി.

ഇരിങ്ങാലക്കുട സർവീസ് സഹകരണ ബാങ്കിനെ ഇന്നു കാണുന്ന നിലയിൽ വളർത്തിയതിൽ അദ്ദേഹത്തിന്റെ പങ്ക് വിസ്മരിക്കാൻ കഴിയാത്തതാണെന്ന് വിജയൻ ഇളയേടത്ത് അനുസ്മരണത്തിൽ ഓർമ്മപ്പെടുത്തി. ബാങ്ക് ഭരണസമിതി അംഗം വി പി രാധാകൃഷ്ണൻ, ബാങ്ക് സെക്രട്ടറി ഇൻ ചാർജ് ജിഷ കെ ജി, ഭരണ സമിതി അംഗങ്ങളായ കെ ജെ അഗസ്റ്റിൻ, വി പി രാധാകൃഷ്ണൻ, കെ ബി ലതീശൻ, ജിമ്മി ഫ്രാൻസിസ്, കെ എസ് ഷബീർ, സുനിതാ പരമേശ്വരൻ ബാങ്ക് ജീവനക്കാരുടെ പ്രതിനിധികളായ നൈജിൽ എം ബി, അസറുദ്ദീൻ കെഎസ്, ജാക്ലിൻ പി ഒ, ശത്രുഘ്‌നൻ എന്നിവർ സംസാരിച്ചു. അനുസ്മരണയോഗത്തിന് ഭരണസമിതി അംഗം കെഎസ് ഇന്ദിര നന്ദി രേഖപ്പെടുത്തി

ഒക്ടോബർ 19 പൊതു അവധി നൽകണം: വാര്യർ സമാജം

ഗുരുവായൂർ: ദുർഗ്ഗാഷ്ടമി തിഥി കൂടുതൽ വരുന്നതിനാൽ ഒക്ടോബർ 19 ന് തിങ്കളാഴ്ച അനധ്യായ ദിവസമാണ്. ആയതിനാൽ പൊതു അവധി പ്രഖ്യാപിക്കണമെന്ന് സമസ്ത കേരള വാരിയർ സമാജം സംസ്ഥാന കമ്മറ്റി ആവശ്യപ്പെട്ടു. സമാജം സംസ്ഥാന പ്രസിഡന്റ് സി. ബി.എസ്.വാര്യർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.വി. മുരളിധരവാര്യർ , ട്രഷറർ കെ. ഉണ്ണികൃഷ്ണവാര്യർ, പ്രകാശ് കെ.വി., കെ.സുരേഷ് കുമാർ, ടി. ഉണ്ണികൃഷ്ണവാര്യർ, ടി.ഗോപകുമാർ, പി.കെ. സതിശൻ, ചന്ദ്ര വാര്യർ എന്നിവർ പ്രസംഗിച്ചു.

റസിഡൻസ് അസോസിയേഷൻ ഓണാഘോഷം നടത്തി

വടൂക്കര: വിവേകാനന്ദ ലെയ്ൻ റസിഡൻസ് അസോസിയേഷ ന്റെ ഓണഘോഷ പരിപാടിയും, വിവിധ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ അനുമോദിക്കൽ ചടങ്ങു ഡിവിഷൻ കൗൺസിലർ അമ്പിളി സി. എം. ഉദ്ഘാടനം ചെയ്തു. പ്രസി ഡന്റ് പി.മൊഹമ്മദ് ബാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ടി.വി. സുനിൽ കുമാർ . ട്രഷറർ സനു . കെ.വിശ്വം,അനിൽ തമ്പി, സത്യ കല എന്നിവർ സംസാരിച്ചു.

തുടർന്ന് അസോസിയേഷൻകുടുംബങ്ങളുടെ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

അധികവില നൽകി ടാർ വാങ്ങി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണം:എൻ.കെ. അക്ബർ എം.എൽ.എ.

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, ടാർ ലഭ്യത കുറയുകയും ടാറിന്റെ വില ക്രമാതീതമായി വർധിച്ചതിനാലും മുടങ്ങിയ പൊതുമരാമത്ത് റോഡുകൾ, തദ്ദേശ റോഡുകൾ എന്നിവയുടെ നിർമാണം പൂർത്തീകരിക്കാൻ അധികവില നൽകി ടാർവാങ്ങി നൽകണമെന്നാവശ്യപ്പെട്ട് ഗുരുവായൂർ എം.എൽ.എ. എൻ.കെ.അക്ബർ പൊതുമരാമത്ത് മന്ത്രിയെക്കണ്ട് നിവേദനം നൽകി. കരാറുകാർ ടെൻഡർ എടുക്കുന്നില്ലെന്നും എൻ.എച്ച്.ബൈപ്പാസ്, തദ്ദേശ റോഡുകൾ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ, എന്നിവക്ക് ടെൻഡർ വിളിച്ചെങ്കിലും കരാറുകാർ പ്രവൃത്തി ചെയ്യാത്ത സ്ഥിതിയാണുള്ളതെന്നും നിവേദനത്തിൽ പറയുന്നു.പല തവണ ടെൻഡർ ചെയ്തിട്ടും കരാർ എടുക്കാൻ ആരും തയ്യാറാവാത്ത വിഷയം എം.എൽ.എ. മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. കരാറുകാർക്ക് ടാറിന് അധിക വില നൽകി പ്രവൃത്തികൾ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ച് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.കെ. ബഷീറിന് നിവേദനം നൽകി.

ഈ വിഷയം സർക്കാർ ഗൗരവമായി പരിഗണിക്കുമെന്നും അടുത്ത ക്യാബിനറ്റിൽ തീരുമാനമെടുക്കുമെന്നും മന്ത്രി ഉറപ്പുനൽകിയതായി എം.എൽ.എ. അറിയിച്ചു.

കെ.മോഹൻദാസ് എക്സ് എം പി യുടെ സാമൂഹ്യ പ്രതിബദ്ധത സ്മരിക്കപ്പെടണം: തോമസ് ഉണ്ണിയാടൻ

ഇരിഞ്ഞാലക്കുട: കെ മോഹൻദാസ് എക്സ് എം പി യുടെ സാമൂഹ്യപ്രതിബദ്ധത സ്മരിക്കപ്പെടേണ്ടതാണെന്ന് തോമസ് ഉണ്ണിയാടൻ എം. എൽ. എ. കെ മോഹൻദാസ് എക്സ് എം പി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇരിങ്ങാലക്കുടയിൽ നടത്തിയ കെ. മോഹൻദാസിന്റെ 30 - ആം ചരമ വാർഷിക അനുസ്മരണ ദിനാചരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഉണ്ണിയാടൻ. കേരളാ കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ജില്ലാ സെക്രട്ടറിമാരായ സേതുമാധവൻ പറയം വളപ്പിൽ, പി. ടി . ജോർജ്, സിജോയ് തോമസ്,ഭാരവാഹികളായ സതീഷ് കാട്ടൂർ, വിവേക് വിൻസെന്റ്, വിനീത് വിൻസെന്റ് , അഡ്വ സജി റാഫേൽ, ജോയ് എടാട്ടുകാരൻ, ജോൺ മുണ്ടൻ മാണി മാസ്റ്റർ,ഡേവിസ് പാറേക്കാട്ട് വിൽസൺ മേച്ചേരി,തുഷാര ഷിജിൻ ,ജ്യോതിഷ്. വി. എ, അഡ്വ. ലിജോ ജോൺ,ഷാജി തോമസ്, വത്സൻ കയ്പമംഗലം, നെൽസൺ മാവേലി, നൈജു ജോസഫ്ഊക്കൻ ,ഫിലിപ്പ് ഓളാട്ടുപുറം അഷറഫ് പാലിയത്താഴത്ത്, എൻ. ഡി പോൾ, ജോമോൻ ജോൺസൺ, സിന്റോ മാത്യു, സംഗീത ഫ്രാൻസിസ്,റാൻസി മാവേലിഎന്നിവർ പ്രസംഗിച്ചു

ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ എച്ച് എം എസ് രജത ജൂബിലി സമാപന സമ്മേളനം വിജയിപ്പിക്കും

ആമ്പല്ലൂർ: സെപ്റ്റംബർ 25 26 27 തീയതികളിൽ കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്ന ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ രജത ജൂബിലി സമാപന സമ്മേളനത്തിൽ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് വിജയിപ്പിക്കുവാൻ ജനതാ കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ എച്ച് എം എസ് പുതുക്കാട് നിയോജക മണ്ഡലം കമ്മിറ്റി യോഗം തീരുമാനിച്ചു ഇന്ത്യയിലെ സംഘടിത മേഖലയിലെ ഏറ്റവും വലിയ മൂന്നാമത്തെയും അസംഘടിത മേഖലയിലെ ഒന്നാമത്തെയും ട്രേഡ് യൂണിയൻ പ്രസ്ഥാനമായ എച്ച് എം എസിൽ അഫിലിയേറ്റീവ് ചെയ്തിട്ടുള്ള സംഘടനയാണ് ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ ചുമട്ടു തൊഴിലാളി യൂണിയൻ കർഷക തൊഴിലാളി യൂണിയൻ ആഭരണ തൊഴിലാളി യൂണിയൻ കെട്ടിട നിർമ്മാണ തൊഴിലാളി യൂണിയൻ ഓട്ടോറിക്ഷ തൊഴിലാളി യൂണിയൻ തുടങ്ങി ഒട്ടേറെ അസംഘടിത മേഖലയിലെ തൊഴിലാളി യൂണിയനുകൾ എച്ച് എം എസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതാകുന്നു എച്ച് എം എസ് അഖിലേന്ത്യ കമ്മിറ്റി അംഗവും കേരളം ഗതാഗത വകുപ്പ് മന്ത്രിയുമായ സഖാവ് സി പി ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്യും ആർ ജെ ഡി നേതാവും കൂത്തുപറമ്പ് എംഎൽ എയുമായ പി കെ പ്രവീൺ സംസ്ഥാന പ്രസിഡണ്ട് മനയത്ത് ചന്ദ്രൻ എച്ച് എം എസ് ദേശീയ സെക്രട്ടറി അഡ്വക്കേറ്റ് തമ്പാൻ തോമസ് സംസ്ഥാന ജനറൽ സെക്രട്ടറി ഓ പി ശങ്കരൻ കെ കെ കൃഷ്ണൻ സംസ്ഥാന വൈസ് പ്രസിഡൻറ് ഐ എ റപ്പായി തുടങ്ങിയവർ പങ്കെടുക്കും നിയോജക കമ്മിറ്റി യോഗത്തിൽ സംസ്ഥാന കമ്മിറ്റി അംഗം അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ജില്ലാ സെക്രട്ടറി ഐ പി കുട്ടൻ അഡ്വക്കേറ്റ് ടി ഐ സേവിയർ എൻ കെ രവീന്ദ്രൻ പി വി അനിൽകുമാർ മേനോൻ കെ എസ് സുകുമാരൻടി പി ജേക്കബ് എം പി ജോർജ് വിപി അയ്യപ്പ കുട്ടി വി ആർഅന്തോണി റപ്പായി ആളൂക്കാരൻ ഐ കെരമേഷ് ഐ കെ ജയേഷ് തുടങ്ങിയവർ സംസാരിച്ചു

കോടതി പരസ്യം

ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 1326/2024

1. തൃശൂർ താലൂക്ക്, എടക്കുന്നി വില്ലേജ്, തൈക്കാട്ടുശ്ശേരി പി.ഒ., പിൻ-680306, തോണിവളപ്പിൽ സഹദേവൻ മകൻ സന്ദീപ്
2. തൃശൂർ താലൂക്ക്, അവണൂർ വില്ലേജ്, വെളപ്പായ, മെഡിക്കൽ കോളേജ് പി.ഒ., കൽപ്പട ബാലൻ മകൻ ബിബിൻ
3. തൃശൂർ താലൂക്ക് ഒല്ലൂർ വില്ലേജ്, മോസ്കോ റോഡ്, അഞ്ചേരി പി.ഒ., ഒല്ലൂർ, കല്ലുംപുറം രാജൻ മകൻ മിഥുൻരാജ്

-അന്യായക്കാർ

മുകുന്ദപുരം താലൂക്ക് കാറളം വില്ലേജ്, താണിശ്ശേരി പി.ഒ., ഇരിങ്ങാലക്കുട, ചേമ്പിപറമ്പിൽ സുനിൽകുമാർ ഭാര്യ നിഷ സുനിൽകുമാർ

-1-ാം പ്രതി

മേൽ നമ്പ്രിൽ 1-ാംപ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ്സ് **13-10-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ടി കാര്യത്തിൽ ആക്ഷേപം ഉള്ളവർ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ്സ് തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 22/09/2026
അന്യായഭാഗം അഡ്വക്കെറ്റ്:
കെ.എം. തോമസ്‌രാജ് (ഒപ്പ്)

COURT NOTICE BEFORE THE HONOURABLE MACT COURT OTTAPPALAM

OP (MV): 719/2024

Sineesh A.S.
-Petioner

Cristina, aged 25 years, W/o. Laiju, Palayoor House, Ollur, P.O. Kuriachira, Thrissur-680006
-Respondent No.2

The afforesaid Respondent take notice, the above petition is posted for appearance on **17-11-2026** at 11.00 am before this Tribunal, you are hereby orderd to appear either in person or through pleader or someone authorised by law to appear on behalf of you, to answer the said petition and to submit objections if any, failing which the said petition will be heared and decided ex-parte.

Date: 18/09/2026
Advocate for Petitioner
P K JOHN (Sd/-)

അഡ്വ വി .എൻ നാരായണൻ അന്തരിച്ചു

തൃശൂർ: കിഴക്കുംപാട്ടുകര വേണാട്ടുമനയിലെ അഡ്വ. വി എൻ നാരായണൻ (75) അന്തരിച്ചു. അയ്യന്തോൾ ജില്ലാ കോടതിയിൽ സീനിയർ അഡ്വക്കേറ്റ് ആയിരുന്നു. പാറമേക്കാവ് ദേവസ്വം ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. സാഹിത്യ സംഘടനയായ സഹൃദയ വേദിയുടെ വിവിധ ചുമതലകൾ വഹിച്ചിരുന്നു. ഐ എസ് ഒ സംസ്ഥാന പ്രസിഡൻറ്, ജനതാ പാർട്ടിയുടെയും ജനതാദളിന്റെയും സംസ്ഥാനമെമ്പർ എന്നീ ചുമതലകൾക്കൊപ്പം RJD പ്രവർത്തകനും കൂടിയാണ് പരേതാത്മാവ്. അടിയന്തിരാവസ്ഥക്കാലത്ത് സോഷ്യലിസ്റ്റ് പാർട്ടി തൃശ്ശൂർ ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് വൈകുന്നേരം 3 മണിക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ നടക്കും.

കോടതി പരസ്യം

ബഹു: കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP. 471/2023, IA 1/2026

ഫസിഖുൾ ലിസാനി -ഹർജിക്കാരി

4) നസീർ, 52 വയസ്സ് S/o.കുഞ്ഞാമ്മു, അറക്ക വീട്ടിൽ ഹൗസ്, പത്താൻകല്ല്, തളിക്കുളം പി.ഒ., തളിക്കുളം വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ ജില്ല പിൻ-680569.
5) മിഥുൻ, 33 വയസ്സ് S/o.റസിയ അറക്ക വീട്ടിൽ ഹൗസ്, പത്താൻകല്ല്, തളിക്കുളം പി.ഒ., തളിക്കുളം വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ ജില്ല പിൻ-680569.

-4, 5 എതൃകക്ഷികൾ

മേൽനമ്പർ ഹർജിയിൽ 4, 5 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ച് നടത്തുവാൻ കല്പിച്ച് കേസ് **24-09-2026** തിയ്യതിയിലേക്ക് വിചാരണയ്ക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. മേൽകാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ ഹർജി നിങ്ങളെ കൂടാതെ തീർച്ചപ്പെടുത്തുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-9-2026
ഹർജിഭാഗം അഡ്വക്കെറ്റ്
അഡ്വ. ബിലു കെ. ചന്ദ്രൻ (ഒപ്പ്)